"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - മാലിന്യ സംസ്കരണത്തിൽ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഗ്രേഡിംഗിൽ നേടിയ മാർക്കിന്റെ അടിസ്ഥാനത്തിൽ സ്റ്റാർ റേറ്റിംഗ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ - അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ്**

സ.ഉ.(സാധാ) നം.631/2026/LSGD തീയതി,തിരുവനന്തപുരം, 09-03-2026

---

പരാമർശം:-

1. 08.08.2025 ലെ സ.ഉ.(സാധാ) നം 1978/2025/LSGD നമ്പർ സർക്കാർ ഉത്തരവ്
2. 24.08.2025 ലെ സ.ഉ.(സാധാ) നം 2097/2025/LSGD നമ്പർ സർക്കാർ ഉത്തരവ്
3. 21.01.2026 ലെ സ.ഉ.(സാധാ) നം 176/2026/LSGD നമ്പർ സർക്കാർ ഉത്തരവ്
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷന്റെ 04/02/2026 ലെ SM/382/2025-DEO CS നമ്പർ കത്ത്
5. 18.02.2026 ലെ സ.ഉ.(സാധാ) നം 425/2026/LSGD നമ്പർ സർക്കാർ ഉത്തരവ്

**ഉത്തരവ്**

ശുചിത്വ മാലിന്യ സംസ്കരണ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വാർഷിക റാങ്കിംഗ് നിർണ്ണയം നടത്തുന്നതിന് പരാമർശം 1, 2 & 3 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ഗ്രേഡിംഗ് പൂർത്തിയാക്കുകയും ഗ്രേഡിംഗ് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് പരാമർശം 5 പ്രകാരം ശുചിത്വ മിഷന് അനുമതി നൽകുകയും ചെയ്തിരുന്നു.

മാലിന്യ സംസ്കരണത്തിൽ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഗ്രേഡിങ്ങിൽ ലഭിച്ചിട്ടുള്ള മാർക്കിന്റെ അടിസ്ഥാനത്തിൽ സ്റ്റാർ റേറ്റിംഗ്- 1* (വൺ സ്റ്റാർ), 3* (ത്രീ സ്റ്റാർ), 5* (ഫൈവ് സ്റ്റാർ) എന്നിങ്ങനെ നല്കുന്നതിനും, ഇപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്റ്റാർ റേറ്റിംഗ് സർട്ടിഫിക്കറ്റ് നൽകുന്നതിനും ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം 4 പ്രകാരം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മാലിന്യ സംസ്കരണ മേഖലയിലെ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങളുടെയും ഗ്രേഡിംഗ് പൂർത്തിയാക്കുകയും ഗ്രേഡിംഗ് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് ശുചിത്വ മിഷന് അനുമതി നൽകുകയും ചെയ്ത സാഹചര്യത്തിൽ ചുവടെ ചേർക്കും പ്രകാരം, ഗ്രേഡിങ്ങിൽ ലഭിച്ചിട്ടുള്ള മാർക്കിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനങ്ങൾക്ക് സ്റ്റാർ റേറ്റിംഗ് സർട്ടിഫിക്കറ്റ് നല്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| സ്റ്റാർ റേറ്റിംഗ് | ഗ്രേഡിങ്ങിൽ ലഭിച്ച മാർക്ക് (%) |
|---|---|
| 1 * (വൺ സ്റ്റാർ ) | 60% മുതൽ 75% വരെ |
| 3* (ത്രീ സ്റ്റാർ ) | 75% മുതൽ 90% വരെ |
| 5 * (ഫൈവ് സ്റ്റാർ ) | 90% ന് മുകളിൽ |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സെക്രട്ടറി

കോർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി 2
പ്രിൻസിപ്പൽ ഡയറക്ടർ, LSGD, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്, തിരുവനന്തപുരം
പ്രോജക്ട് ഡയറക്ടർ, കെ എസ് ഡബ്ല്യൂ എം പി
മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്
ഡയറക്ടർ ജനറൽ, കില
എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E&RSA) കേരള, തിരുവനന്തപുരം
ഡയറക്ടർ(I&PRD), വെബ് & മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 09-03-2026 16:07:40
സെക്ഷൻ ഓഫീസർ

പകർപ്പ്
ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ. ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ. ക്ക്